മാതൃഭൂമി

Mathrubhumi

Date:25/10/24

PAGE NO.2 COLUMN.4


# ജില്ലാ ത്രോ ബോൾ സീനിയർ ചാമ്പ്യൻഷിപ്പ് സമാപിച്ചു



ജില്ലാ ത്രോ ബോൾ മത്സരത്തിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ വിജയിച്ച മാവേലിക്കര അൽ ഹിലാൽ ത്രോ ബോൾ ക്ലബ്ബ്



പെൺകുട്ടികളുടെ വിഭാഗത്തിൽ വിജയിച്ച ആലപ്പുഴ സെയ്ന്റ് ജോസഫ് എച്ച്.എസ്.എസ്. ഗേൾസ്

ചെന്നിത്തല ● മഹാത്മാ ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നടന്ന പത്താമത് ആലപ്പുഴ ജില്ലാ സീനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മാവേലിക്കര അൽ ഹിലാൽ ത്രോ ബോൾ ക്ലബ്ബ് 15-0,15-2 എന്ന സ്കോറിൽ വിജയിച്ചു. ചെന്നിത്തല മഹാത്മാ ക്ലബ്ബ് രണ്ടും മാവേലിക്കര നൊസ്റ്റാൾജിയ ക്ലബ്ബ് മൂന്നും സ്ഥാനങ്ങൾ നേടി.

പെൺകുട്ടികളുടെ വിഭാഗത്തിൽ ആലപ്പുഴ സെയ്ന്റ് ജോസഫ് എച്ച്.എസ്.എസ്. ഗേൾസ് 15-7,7-15,15-10 എന്ന സ്കോറിൽ വിജയിച്ചു. മാവേലിക്കര അൽ ഹിലാൽ ത്രോ ബോൾ ക്ലബ്ബ് രണ്ടാംസ്ഥാനവും മാവേലിക്കര ബിഷപ്പ് ഹോഡ്ജസ് എച്ച്.എസ്.എസ്. മൂന്നാംസ്ഥാനവും നേടി. തുടർന്ന് ജില്ലാ സീനിയർ ടീമിലേക്കുള്ള തിരഞ്ഞെടുപ്പ് നടന്നു.

മലയാള മനോരമ

Malayala Manorama

Date:25/10/24

PAGE NO.5
COLUMN NO.5

PAGE NO.2 COLUMN NO.4



ജില്ലാ സീനിയർ ത്രോ ബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ മാവേലിക്കര അൽ ഹിലാൽ ത്രോബോൾ ക്ലബ്.

# ത്രോ ബോൾ ചാംപ്യൻഷിപ് ജേതാക്കൾ

മാന്നാർ ● ജില്ലാ ത്രോ ബോൾ അസോസിയേഷന്റെ നേതൃത്വത്തിൽ ചെന്നിത്തല മഹാത്മാ ബോയ്സ് എച്ച്എസ്എസ് മൈതാനിയിൽ നടന്ന ജില്ലാ സീനിയർ ത്രോ ബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മാവേലിക്കര അൽ ഹിലാൽ ത്രോബോൾ ക്ലബ്ബും പെൺകുട്ടികളുടെ വിഭാഗത്തിൽ ആലപ്പുഴ സെന്റ് ജോസഫ് എച്ച്എസ്എസ് ഗേൾസും ജേതാക്കളായി.

ആൺകുട്ടികളുടെ വിഭാഗത്തിൽ അൽ ഹിലാൽ ത്രോ ബോൾ ക്ലബ് (15-0,15-2) 2 സെറ്റുകൾക്ക് ചെന്നിത്തല മഹാത്മാ ക്ലബ്ബിനെ പരാജയപ്പെടുത്തി. മാവേലിക്കര നൊസ്റ്റാൾജിയ ക്ലബ് മൂന്നാം സ്ഥാനവും നേടി.

പെൺകുട്ടികളുടെ വിഭാഗത്തിൽ ആലപ്പുഴ സെന്റ് ജോസഫ് എച്ച്എസ്എസ് ഗേൾസ് ( 15-7, 7-15, 15-10) 3 സെറ്റുകൾക്ക് മാവേലിക്കര അൽ ഹിലാൽ ത്രോ ബോൾ ക്ലബ്ബിനെ പരാജയപ്പെടുത്തി. മൂന്നാം സ്ഥാനം മാവേലിക്കര ബിഷപ് ഹോഡ്ജസ് എച്ച്എസ്എസ് നേടി. മത്സരാർഥികളിൽ നിന്നും ജില്ലാ സീനിയർ ടീമിലേക്കുള്ള സിലക്‌ഷനും നടന്നതായി പ്രസിഡന്റ് ബിജു, സെക്രട്ടറി ഫ്രെഡി ഡി. ജൂലിയസ് എന്നിവർ അറിയിച്ചു.

മലയാള മനോരമ
Malayala Manorama
page no:2 column no.4

# ത്രോബോൾ ചാംപ്യൻഷിപ് 20ന്

ചെന്നിത്തല● ജില്ലാ സീനിയർ ത്രോബോൾ ചാംപ്യൻഷിപ് 20ന് ചെന്നിത്തല മഹാത്മാ ബോയ്സ് എച്ച്എസ്എസിൽ നടക്കും. ചാംപ്യൻഷിപ്പിൽ പങ്കെടുക്കുന്ന മത്സരാർഥികൾ ഇന്നു പേരു റജിസ്റ്റർ ചെയ്യണം. റജിസ്ട്രേഷന്: www.throwballkerala.